# പോസ്റ്റ് ട്രൂത്ത് ഇന്ത്യയുടെ ഗതികേട്

**ദുരന്തങ്ങൾ** സംഭവിച്ചത് ഒരുമിച്ചാണ്. തീവ്രദേശീയതയോടും വംശീയതയോടുള്ള ആഭിമുഖ്യം പരസ്യമായി പങ്കുവച്ചുകൊണ്ട് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച അമേരിക്കയിലെ റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥി ഡൊണാൾഡ് ജെ. ട്രംപ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജയിച്ചുകയറുന്നതും, ഏകാധിപത്യ ശൈലിയിൽ 'ഡീമോണിറ്റൈസേഷൻ' എന്ന സാമ്പത്തിക അടിയന്തരാവസ്ഥ ഇന്ത്യൻ ജനതയ്ക്കുമേൽ നമ്മുടെ പ്രധാനമന്ത്രി അടിച്ചേൽപ്പിക്കുന്നതും ഒരേ സമയത്താണ്. ജനാധിപത്യം സ്വേച്ഛാധിപത്യത്തിലേക്ക് കൂപ്പുകുത്തുന്നതിന്റെയും ബഹുസ്വരതകൾ തകർക്കപ്പെടുന്നതിന്റെയും ആഗോളസൂചനകൾ അവിചാരിതമായി ഒന്നിച്ചു. ബ്രെക്സ്റ്റിനെ തുടർന്ന് യൂറോപ്പിലും ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രത്യക്ഷമായിത്തുടങ്ങിയ വലതുപക്ഷ ആഭിമുഖ്യത്തിന്റെ തുടർച്ചകൾ തന്നെയാണ് ട്രംപിന്റെ വിജയത്തിലും ഡീമോണിറ്റൈസേഷനെ ശിരസ്സാവഹിക്കുന്ന ഭൂരിപക്ഷ ഇന്ത്യൻ സമൂഹത്തിലും കാണാൻ കഴിയുന്നത്. വ്യക്തികളുടെ വൈകാരിക തലങ്ങളെ ഉണർത്തിവിട്ട്, യാഥാർത്ഥ വസ്തുതകളിൽ നിന്നും അവരെ അകറ്റിനിർത്തി പൊതുജനാഭിപ്രായം രൂപീകരിക്കുന്ന സാഹചര്യത്തെ വിശേഷിപ്പിക്കുന്ന പദമായ 'പോസ്റ്റ് ട്രൂത്ത്' ആണ് 2016ലെ അന്താരാഷ്ട്ര വാക്കായി ഓക്സ്ഫോർഡ് ഡിക്ഷ്ണറി തെരഞ്ഞെടുത്തത്. ബ്രെക്സിറ്റിനും ട്രംപിനും നരേന്ദ്രമോദിക്കും ലഭിക്കുന്ന സ്വീകാര്യത ഓർമ്മിപ്പിക്കുന്നത് സത്യം അപ്രസക്തമാവുകയും, തീവ്രദേശീയതാവാദവും അപരവിദ്വേഷവും ഉയർത്തുന്ന വൈകാരികത അസത്യങ്ങളാൽ ലോകം ഭരിക്കുകയും ചെയ്യുന്ന പോസ്റ്റ് ട്രൂത്ത് കാലത്തെയാണ്.

കറുപ്പും തവിട്ടും തൊലിയുള്ളവരും ന്യൂനപക്ഷങ്ങളും അഭയാർത്ഥികളും അമേരിക്കൻ മധ്യവർഗ്ഗത്തിന്റെ സ്വപ്നങ്ങളിൽ കരിപുരട്ടുമെന്ന ട്രംപിന്റെ പ്രചരണമുയർത്തിയ വൈകാരികതയായിരുന്നു അദ്ദേഹത്തിന് അനുകൂലമായി മാറിയത്. അഭയാർത്ഥി പ്രവാഹത്തെക്കുറിച്ചുള്ള ഭീതിയും ബ്രിട്ടന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അമിതമായ ആശങ്കകളും ഉയർത്തിയ വൈകാരികത യൂറോപ്യൻ യൂണിയനിൽ നിന്നും അവർ വഴിപിരിയുന്നതിലേക്ക് നയിച്ചു. ഇവിടെ ഇന്ത്യയിൽ നരേന്ദ്രമോദിയുടെ അധികാരത്തിലേക്കുള്ള വരവും സമാനമായ ഒരു ഭൂരിപക്ഷ ഏകീകരണം ഹിന്ദുത്വദേശീയ വികാരത്തിന്റെ രൂപത്തിൽ വന്നതിന്റെ ഫലമായിരുന്നു.

പോസ്റ്റ് ട്രൂത്ത് ഇത്രയേറെ ചർച്ച ചെയ്യപ്പെടുന്നതിന് വളരെ മുമ്പേ നമ്മൾ ഒരു സത്യാനന്തര സമൂഹമായി പരിവർത്തിച്ചിരുന്നു. ഡീമോണിറ്റൈസേഷന്റെ രൂപത്തിൽ ഇപ്പോൾ അതിന്റെ രണ്ടാംഘട്ടം ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വസ്തുതകൾ മറച്ചുവച്ച്, അസത്യപ്രചരണങ്ങളിലൂടെയാണ് നോട്ട് നിരോധനത്തിനുള്ള പിന്തുണ നരേന്ദ്രമോദി തേടിക്കൊണ്ടിരിക്കുന്നത്. കള്ളപ്പണത്തെ തീവ്രവാദവും ദേശീയവികാരവുമായി കൂട്ടിക്കെട്ടി ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ വൈകാരികതയെ സ്പർശിക്കുന്നതിനുള്ള വാചാടോപമാണ് പ്രധാനമന്ത്രിയുടെ പ്രസംഗങ്ങൾ. അതോടെ നോട്ടുനിരോധനത്തിന്റെ യുക്തിരാഹിത്യം ചൂണ്ടിക്കാണിക്കുന്നവരും, ഇത് അടിയന്തരാവസ്ഥയാണെന്ന് തുറന്നുപറയുന്നവരും രാജ്യദ്രോഹികളായി മാറി. പോസ്റ്റ് ട്രൂത്തിന് പാകമായ ഇന്ത്യൻ മധ്യവർഗ്ഗ സമൂഹം ദേശസ്നേഹത്തിന് വേണ്ടി ഈ തുഗ്ലക് പരിഷ്കരണം സഹിക്കാൻ തയ്യാറായപ്പോൾ വെനിൻസ്വലയിൽ ഇതേ സമയത്ത് നടപ്പിലാക്കപ്പെട്ട നോട്ടുനിരോധനം ശക്തമായ ജനകീയ പ്രക്ഷോഭത്താൽ പിൻവലിക്കപ്പെടുകയായിരുന്നു. എന്നാൽ, നോട്ടുനിരോധനത്തിലെ ജനാധിപത്യ വിരുദ്ധതയും ഫാസിസവും തിരിച്ചറിയാതെ അച്ചടക്കമുള്ള പൗരരായി ക്യൂവിൽ അടങ്ങിനിൽക്കുകയായിരുന്നു നമ്മൾ. ഏതുവിധത്തിലുള്ള അടിയന്തരാവസ്ഥയ്ക്കും ഇന്ത്യ പാകമാണെന്ന മോദിയൻ പരീക്ഷണം വിജയിച്ചിരിക്കുന്നു. നോട്ടുനിരോധനത്തിനെതിരെ പല കോണുകളിൽ നിന്നുണ്ടായ പ്രതിഷേധങ്ങൾ ഏകോപിതമായ ഒരു രൂപത്തിലേക്കെത്താതെ കെട്ടടങ്ങിപ്പോകുന്നതും മോദിയുടെ തീരുമാനത്തിന് ഗുണമായി ഭവിച്ചു.

നോട്ട് പ്രശ്നം വരാൻ പോകുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടായി പ്രതികരിക്കുകയാണെങ്കിൽ അതാണ് ഇനി ആശ്വാസം കൊള്ളാനുള്ള ഏകകാര്യം. തെരഞ്ഞെടുപ്പ് പ്രക്രിയ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിത്തറയാണെങ്കിലും നിയമവാഴ്ചയെ മറികടന്ന്, ഏകപക്ഷീയമായി തീരുമാനമെടുക്കുന്ന ഒരു ഏകാധിപത്യ ഭരണകൂടം ഇവിടെ സംജാതമാകാതിരിക്കാൻ കൂടുതൽ ജാഗ്രതകൾ കാലം ആവശ്യപ്പെടുന്നുണ്ട്. ഇന്ത്യയിൽ ഇതിന് മുമ്പ് രണ്ടുതവണ നോട്ട് അസാധുവാക്കിയിട്ടുണ്ട്. രണ്ടും ഓർഡിനൻസ് വഴിയായിരുന്നെങ്കിലും പിന്നീട് പാർലമെന്റിന്റെ അംഗീകാരം പ്രസ്തുത നിരോധനത്തിന് ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ട് നോട്ട് നിരോധനത്തെക്കുറിച്ച് നാട്ടാരെ അറിയിച്ച പ്രധാനമന്ത്രി പിന്നീട് പാർലമെന്റിന്റെ പിന്തുണ തേടാനുള്ള ജനാധിപത്യ മര്യാദപോലും കാണിക്കുകയുണ്ടായില്ല. അത് അദ്ദേഹത്തിന്റെ പരിഗണനയിലുള്ള കാര്യമേയല്ല. ഭരണഘടയുടെയും പാർലമെന്റിന്റെയും അന്തഃസത്തയെ തകർത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള ഒരു സ്വേച്ഛാധിപത്യ പ്രവണത നരേന്ദ്രമോദിയിൽ നിരന്തരം പ്രകടമാകുന്നുണ്ട്. സ്വത്തവകാശം ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശമായിട്ടും ജനങ്ങളുടെ കൈവശമുണ്ടായിരുന്ന പണമെന്ന സ്വത്ത് പിടിച്ചെടുക്കാൻ ഒരു നിയമം പോലും നിർമ്മിക്കപ്പെടേണ്ടി വന്നില്ല എന്നതാണ് ദയനീയം. ഭരണഘടനയേയും നിയമവാഴ്ചയേയും ഫെഡറലിസത്തെയും പാർലമെന്റിനെയും മറികടക്കുന്ന ഒരു ഏകാധിപതിയെ ചോദ്യം ചെയ്യാൻ നാം തയ്യാറായില്ലെങ്കിൽ ജനാധിപത്യത്തിന്റെ മരണം വളരെ വൈകാതെ തന്നെ സംഭവിക്കും.

ആഗോള സാമ്പത്തികരംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി നിരന്തരവളർച്ചയെന്ന സങ്കൽപ്പത്തിന് സംഭവിക്കുന്ന തിരിച്ചടിയാണ്. ഈ വളർച്ചാ സിദ്ധാന്തത്തിന് ഏൽക്കുന്ന പ്രഹരങ്ങൾ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും വിഭവക്കൊള്ളയുടെയും രൂപത്തിൽ ഭീതിപ്പെടുത്തുന്നുമുണ്ട്. ആഗോള സാമ്പത്തികരംഗം അടിയന്തിരമായി അഭിമുഖീകരിക്കേണ്ട വിഷയം ഇതായിരിക്കെ, കള്ളപ്പണം പിടിക്കുകയാണ് പ്രധാനം എന്ന് പറയുന്ന പ്രധാനമന്ത്രി ഒരു 'പോസ്റ്റ് ട്രൂത്ത്' സമൂഹം എത്തിനിൽക്കുന്ന അനിവാര്യമായ ഗതികേടാണ്. ■